(ബി) ഉണ്ടെങ്കിൽ 2005-ൽ ഇത്തരം കമ്മിറ്റികൾ സ്ത്രീകൾക്കെതിരെയുള്ള എത്ര പീഡനകേസുകൾ കൈകാര്യം ചെയ്തിട്ടുണ്ട് ;

(സി) സ്ത്രീകൾക്കെതിരെയുള്ള പീഡനം സംബന്ധിച്ച പ്രശ്നം കൈകാര്യം ചെയ്യാത്തതിനാൽ എത്ര സ്ത്രീകൾ 2005-ൽ പുരുഷന്മാരുടെ ശല്യത്തിനെതിരെ നടപടി ആവശ്യപ്പെട്ട് ഹൈക്കോടതിയെ സമീപിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ജോലി സ്ഥലത്ത് വനിതകൾക്കെതിരെയുള്ള പീഡനങ്ങൾ അന്വേഷിക്കുന്നതിന് കമ്മിറ്റി രൂപീകരിക്കണമെന്ന് സുപ്രീംകോടതി ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവനുസരിച്ച് സ്ത്രീകൾ ജോലി ചെയ്യുന്ന മിക്ക തൊഴിൽ ശാലകളിലും ഓഫീസുകളിലും കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

(ബി&സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

അംഗൻവാടി ജീവനക്കാരുടെ സേവന-വേതന പരിഷ്കരണ കമ്മീഷൻ റിപ്പോർട്ട്

26 (190) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അംഗൻവാടി ജീവനക്കാരുടെ സേവന-വേതന പരിഷ്കരണത്തിനായി ഒരു പഠന കമ്മീഷനെ സർക്കാർ നിയമിച്ചിരുന്നോ ;

(ബി) ഈ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) റിപ്പോർട്ട് ലഭിച്ച് ഒരു വർഷമായിട്ടും അതിന്മേൽ നടപടി സ്വീകരിക്കാത്തതിനുള്ള കാരണങ്ങൾ എന്താണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ ജീവനക്കാരുടെ സേവന-വേതന പരിഷ്കരണം സർക്കാർ എപ്പോൾ നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നിയമിച്ചിരുന്നു.

(ബി&സി) ഉണ്ട്. കമ്മീഷൻ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടില്ല. അംഗൻവാടി ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകളെപ്പറ്റി പഠിച്ച ഏകാംഗ കമ്മീഷന്റെ റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിക്കുകയും 16-8-2005-ൽ പുറപ്പെടുവിച്ച ജി.ഒ.(ആർ.ടി) നമ്പർ 403/05/സാ.ക്ഷേ.വ. പ്രകാരം അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ഓണറേറിയത്തിന്റെ സംസ്ഥാന വിഹിതം 100 രൂപ കൂടി വർദ്ധിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവാകുകയും ചെയ്യുകയുണ്ടായി. അംഗൻവാടി ജീവനക്കാർ ഓണറേറിയം കൈപ്പറ്റി ജോലി ചെയ്യുന്ന സന്നദ്ധ സേവകരാണ്. അവരുടെ റിട്ടയർമെന്റ് കാലാവധി സർക്കാർ നിജപ്പെടുത്തിയിട്ടില്ല. ഇത് ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയായതിനാൽ കേന്ദ്ര സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായാണ് അവരുടെ ആനുകൂല്യങ്ങളിൽ സർക്കാർ തീരുമാനം കൈക്കൊള്ളുന്നത്.

LIBRARY ARCHIVES Kerala Legislative Assembly